പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011–2014)

## പതിനൊന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008–2011)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ
(വാണിജ്യനികുതി വകുപ്പിനെ സംബന്ധിച്ച്) ശുപാർശകളിന്മേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

(2014 ഫെബ്രുവരി മാസം 6–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2011–2014)

**പതിനൊന്നാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008–2011)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (വാണിജ്യനികുതി വകുപ്പിനെ സംബന്ധിച്ച്) ശുപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

372/2014.

## ഉള്ളടക്കം


| | | | *പേജ്* |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III : | ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തരനടപടികൾ ആവശ്യമുള്ളവയും | .. | 13 |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011–2014)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.

,, എം. എ. ബേബി ,,

,, എ. കെ. ബാലൻ ,,

,, ഡൊമിനിക് പ്രസന്റേഷൻ ,,

,, ഇ. പി. ജയരാജൻ ,,

,, സി. മോയിൻകുട്ടി ,,

,, കെ. മുരളീധരൻ ,,

,, കെ. രാജു ,,

,, എ. കെ. ശശീന്ദ്രൻ ,,

,, സി. എഫ്. തോമസ് ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

,, എസ്. ജയശ്രീ, അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഫെബ്രുവരി 3-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. ഡി. സതീശൻ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.

# റിപ്പോർട്ട്

## അദ്ധ്യായം I

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് (വാണിജ്യനികുതി വകുപ്പിനെ സംബന്ധിച്ചത്) 16-7-2009-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 25 ശുപാർശകൾ/ നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

ശുപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 22-9-2009-ന് ബന്ധപ്പെട്ട വകുപ്പിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 4-12-2013-ന് ചേർന്ന സമിതി പരിഗണിക്കുകയും ഖണ്ഡിക 15-ന് ലഭിച്ച മറുപടി ഒഴികെ മറ്റെല്ലാ ഖണ്ഡികകൾക്കുമുള്ള മറുപടി അംഗീകരിക്കുകയും ചെയ്തു.

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-11)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളും വകുപ്പ് ലഭ്യമാക്കിയ മറുപടികളും രണ്ടാം അദ്ധ്യായമായും അനന്തര നടപടികൾ ആവശ്യമുള്ളവയും ഇനിയും മറുപടി ലഭ്യമാക്കാനുള്ളവയും മൂന്നാം അദ്ധ്യായമായും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശുപാർശ 1 (ഖണ്ഡിക 13)

വാണിജ്യനികുതി വകുപ്പ് കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2009–10-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വാണിജ്യനികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കിയുള്ള ചില കർമ്മപദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടതായിരുന്നു ഒരു നിർദ്ദേശം. അക്കൗണ്ടന്റ് ജനറലും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും ഇന്റേണൽ ഓഡിറ്റ് അസസ്സ്മെന്റിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയ സാഹചര്യത്തിലായിരുന്നു ഈ തീരുമാനം. വാണിജ്യനികുതി കമ്മീഷണറേറ്റിൽ ഒരു ജോയിന്റ് കമ്മീഷണർ തസ്തിക സൃഷ്ടിച്ച് ഇന്റേണൽ ഓഡിറ്റ് അസസ്സ്മെന്റിൽ ഫലപ്രദമായ മേൽനോട്ടം സാദ്ധ്യമാക്കുമെന്ന് ബഹു. മന്ത്രി പ്രഖ്യാപിച്ചിരുന്നു. നികുതി വകുപ്പിൽ ഒരു ഇക്കണോമിക് ഇന്റലിജൻസ് വിംഗിന്റെ രൂപീകരണം സംബന്ധിച്ചും ജോയിന്റ് കമ്മീഷണർ

(എൻഫോഴ്സ്മെന്റ്) തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ചുമുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ജി.ഒ. (എംഎസ്.) നമ്പർ 59/10/ടി.ഡി തീയതി 11-3-2010 പ്രകാരം വാണിജ്യനികുതി കമ്മീഷണറേറ്റിലെ ഡെപ്യൂട്ടി കമ്മീഷണർ (ജനറൽ), ഡെപ്യൂട്ടി കമ്മീഷണർ (എ&ഐ) എന്നീ തസ്തികകൾ യഥാക്രമം ജോയിന്റ് കമ്മീഷണർ (ജനറൽ), ജോയിന്റ് കമ്മീഷണർ (എ&ഐ) എന്നിങ്ങനെ ഉയർത്തുകയും 100 യു.ഡി. ക്ലാർക്കുമാരുടെ തസ്തികകൾ ഇൻസ്പെക്ടർ തസ്തികകളായി ഉയർത്തുകയും ചെയ്തു.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2009-10-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വാണിജ്യനികുതി വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയുണ്ടായി. നിലവിലുള്ള ഇന്റലിജൻസ് സംവിധാനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനുള്ള തീരുമാനം ഇതിന്റെ ഭാഗമായിരുന്നു. അധികമായി സൃഷ്ടിക്കപ്പെട്ട ഇൻസ്പെക്ടർ തസ്തികകൾ ഇന്റലിജൻസ് സ്ക്വാഡുകളുടേയും ചെക്ക്പോസ്റ്റുകളു ടേയും സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയുണ്ടായി. (ഉത്തരവ് നമ്പർ എ1-38772/2009/സി.ടി. തീയതി 27-3-2010).

കാര്യക്ഷമമായ നികുതിപിരിവിനും അഴിമതി ഇല്ലാതാക്കുന്നതിനും ചെക്ക്പോസ്റ്റു കളിലെ പ്രവർത്തനം സുതാര്യമാക്കുന്നതിനുമായി അഴിമതിരഹിത വാളയാർ എന്ന പദ്ധതി വിജയകരമായി നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞു. ഇതിന്റെ തുടർച്ചയായി മഞ്ചേശ്വരം, അമരവിള തുടങ്ങിയ ചെക്ക്പോസ്റ്റുകളിലും ഈ പദ്ധതി നടപ്പാക്കുകയുണ്ടായി.

ആഡംബരനികുതി, വർക്സ് കോൺട്രാക്ട് എന്നിവയുടെ പിരിവ് കൂടുതൽ ഊർജ്ജിതമാക്കുവാൻ വകുപ്പ് എല്ലാ ജില്ലകളിലും കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയുണ്ടായി.

നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുവേണ്ടി വകുപ്പിലെ മിക്കവാറും എല്ലാ ഉദ്യോഗസ്ഥൻമാർക്കും പരിശീലനം നൽകുന്നുണ്ട്. നികുതിപിരിവ് ഊർജ്ജിതമായി നടത്തുന്നതിന്റെ ഭാഗമായി പത്രമാധ്യമങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും നികുതിദായകരെ ബോധവൽക്കരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇ-പേയ്മെന്റ്, ഇ-ഫയലിംഗ് സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുകവഴി വാറ്റ്നികുതി കൂടുതൽ ഫലപ്രദമായി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഫാസ്റ്റ് ട്രാക്ക്, ആംനസ്റ്റി പദ്ധതികളിലൂടെ കെട്ടിക്കിടക്കുന്ന കേസുകൾ ഭൂരിഭാഗവും തീർപ്പാക്കാനും സർക്കാരിലേക്ക് ലഭിക്കേണ്ടതായ നികുതിത്തുക ഈടാക്കാനും വകുപ്പിന് കഴിഞ്ഞു.

എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസുകൾ സ്ഥാപിക്കുന്ന തിന്റെ ഭാഗമായി ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകൾ ഇല്ലാതിരുന്ന പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകളിൽ ഈ ഓഫീസുകൾ പുനഃസ്ഥാപിച്ചു.

വാണിജ്യനികുതി വകുപ്പിന്റെ നവീകരണവും ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പ്രധാന ചെക്ക്പോസ്റ്റുകൾ നവീകരിക്കുകയും അഴിമതിരഹിതമാക്കുകയും ചെയ്തു. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ നിരീക്ഷണ

ത്തിനും ചെക്ക്പോസ്റ്റിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി അമരവിള ചെക്ക്പോസ്റ്റിൽ 8 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ഇതിന്റെ തുടർച്ച യായി സംസ്ഥാനത്തെ മറ്റു പ്രധാന ചെക്ക്പോസ്റ്റുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

ശുപാർശ 2 (ഖണ്ഡിക 13)

സംസ്ഥാനത്തുള്ള ചെറുതും വലുതുമായ എല്ലാ വില്പനശാലകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ വാണിജ്യനികുതി ഓഫീസുകളിൽ ലഭ്യമാക്കേണ്ട താണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വാണിജ്യനികുതി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതു കൊണ്ട് ചെറുതും വലുതുമായ എല്ലാ വിൽപ്പനശാലകളുടേയും വിവരങ്ങൾ ഓഫീസുകളിൽ ലഭ്യമാണ്.

ശുപാർശ 3 (ഖണ്ഡിക 13)

വകുപ്പിൽ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കി ചരക്കുനീക്കത്തിന്റെയും വ്യാപാരത്തി ന്റേയും വിശദാംശങ്ങൾ നെറ്റ്വർക്ക് സംവിധാനത്തിലൂടെ ഉടനുടൻ കൈമാറി അനധികൃത സാധനക്കടത്തും നികുതിവെട്ടിപ്പും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നടപടി സ്വീകരിച്ചിട്ടുണ്ട്.

ശുപാർശ 4 (ഖണ്ഡിക 15)

അസസ്സിംഗ് അതോറിറ്റിയായി വരുന്ന എല്ലാവർക്കും അവർ ചുമതലയേൽ ക്കുന്നതിനുമുമ്പായി വേണ്ടത്ര പരിശീലനം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പരിശീലനം നൽകിയിട്ടും തെറ്റായ അസസ്സ്മെന്റുവഴി സർക്കാരിന് നഷ്ടം വരുത്തുന്നവരിൽനിന്നും പ്രസ്തുത നഷ്ടം ഈടാക്കുന്നതിന് സംവിധാനമുണ്ടാക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ ലഭ്യമാക്കിയ മറുപടി

അസസ്സിംഗ് അതോറിറ്റിയായി വരുന്ന എല്ലാവർക്കുംവേണ്ട പരിശീലനം നൽകുന്നുണ്ട്.

ശുപാർശ 6 (ഖണ്ഡിക 19)

ഇന്റലിജൻസ് വിഭാഗം കൂടുതൽ കാര്യക്ഷമവും ശക്തവും ആക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഇന്റലിജൻസ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കി നികുതിവെട്ടിപ്പ് തടയാനുള്ള മാർഗ്ഗങ്ങൾ വകുപ്പ് എടുത്തുവരുന്നു. ജി.ഒ. (ആർടി.) നമ്പർ 43/2009/ ടി.ഡി. തീയതി 14-1-2009 പ്രകാരം പത്തനംതിട്ട, ആലപ്പുഴ, മട്ടാഞ്ചേരി, മലപ്പുറം, വയനാട് എന്നിവിടങ്ങളിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസുകൾ സ്ഥാപിക്കുകയുണ്ടായി. യു.ഡി. ക്ലാർക്കുമാരുടെ അപ്ഗ്രഡേഷനിലൂടെ സൃഷ്ടിച്ച 100 ഇൻസ്പെക്ടർ തസ്തികകളിൽ 48 എണ്ണം വിവിധ ഇന്റലിജൻസ് സ്ക്വാഡുകളിലേക്ക് അനുവദിച്ച് നൽകുകയുണ്ടായി (ഉത്തരവ് നമ്പർ എ1-38772/ 2009/ സി.ടി. തീയതി 27-3-2010).

ശുപാർശ 7 (ഖണ്ഡിക 22)

അഴിമതിരഹിത വാളയാർ പദ്ധതിക്കു സമാനമായ പദ്ധതികൾ സംസ്ഥാനത്തെ എല്ലാ എ ഗ്രേഡ് ചെക്ക്പോസ്റ്റുകളിലും നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

അഴിമതിരഹിത വാളയാർ പദ്ധതിക്കു സമാനമായ പദ്ധതികൾ മഞ്ചേശ്വരം ചെക്ക്പോസ്റ്റിലും അമരവിള ചെക്ക്പോസ്റ്റിലും നടപ്പാക്കിയിട്ടുണ്ട്.

ശുപാർശ 8 (ഖണ്ഡിക 23)

എല്ലാ എ ഗ്രേഡ് ചെക്ക്പോസ്റ്റുകളെയും സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള സർക്കാർ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പ്രധാനപ്പെട്ട വാണിജ്യനികുതി ചെക്ക്പോസ്റ്റുകൾ എല്ലാംതന്നെ സംയോജിത ചെക്ക്പോസ്റ്റുകൾ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അമരവിള, ആര്യങ്കാവ്, വാളയാർ, മുത്തങ്ങ തുടങ്ങിയ ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകൾ ആക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ തുടർന്നുവരുന്നു. ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റ് ആക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായി.

ശുപാർശ 9 (ഖണ്ഡിക 24)

വാളയാറിൽ വെയ് ബ്രിഡ്ജിലൂടെ കടത്തിവിടുന്ന വാഹനങ്ങളുടെ പരിശോധന കർശനമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇവിടെ ഉന്നത വാണിജ്യ നികുതി ഉദ്യോഗസ്ഥരുടെ മേൽനോട്ടമുണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വാളയാറിൽ വെയ് ബ്രിഡ്ജിലൂടെ കടത്തിവിടുന്ന വാഹനങ്ങളുടെ പരിശോധന കർശനമാക്കിയിട്ടുണ്ട്. അവിടെ ഒരു ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണറെ മേൽനോട്ടത്തിനായി നിയമിച്ചിട്ടുണ്ട്.

ശുപാർശ 10 (ഖണ്ഡിക 25)

മുത്തങ്ങ ചെക്ക്പോസ്റ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കണമെന്നും അത് എ ക്ലാസ് ചെക്ക്പോസ്റ്റായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ നൽകിയ മറുപടി

മുത്തങ്ങ ചെക്ക്പോസ്റ്റ് നവീകരിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിവരുന്നു.

ശുപാർശ 11 (ഖണ്ഡിക 26)

ഇടുക്കി ജില്ലയിലെ മറയൂരിൽ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ നൽകിയ മറുപടി

ഇടുക്കി ജില്ലയിലെ മറയൂരിൽ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ 12 (ഖണ്ഡിക 27)

ചെക്ക്പോസ്റ്റുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ എല്ലാ പ്രധാന ചെക്ക്പോസ്റ്റുകളിലും ഇലക്ട്രോണിക് വെയ് ബിഡ്ജ്, കമ്പ്യൂട്ടർ സംവിധാനം, ഹെൽപ്പ്ഡെസ്ക്, ബലവത്തായ ബാരിക്കേഡുകൾ, ആവശ്യത്തിന് ജീവനക്കാർ, അവർക്ക് സംരക്ഷണം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വാണിജ്യനികുതി ചെക്ക്പോസ്റ്റുകളുടെ ആധുനികവത്കരണത്തിനുവേണ്ടി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

വാണിജ്യനികുതി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും കാര്യക്ഷമവുമാക്കുന്നതിനായി ഒട്ടേറെ പരിഷ്ക്കാര പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി നൽകി നടപ്പാക്കിവരുന്നു. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി നിയമിച്ചു. കൂടുതൽ കൗണ്ടറുകൾ തുടങ്ങി, ചെക്ക്പോസ്റ്റുകളിലെ തിരക്ക് ഒഴിവാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ

താമസസൗകര്യം, ഗതാഗത സൗകര്യം, ഭക്ഷണം എന്നിവയും ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഭക്ഷണ സൗകര്യം എന്നിവയും ഏർപ്പെടുത്തി.

വാണിജ്യനികുതി ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിനായി ജി.ഒ. (ആർടി.) 38/07/ടി.ഡി. തീയതി 17-1-2007 പ്രകാരം 49.78 ലക്ഷം രൂപയുടെ പ്രവർത്തന ങ്ങൾക്ക് അനുമതി നൽകുകയും ആയത് പൂർത്തിയാക്കുകയും ചെയ്തു. വാളയാറിൽ ഹൈമാസ്റ്റ് ഫ്ളഡ് ലൈറ്റ് സംവിധാനം സ്ഥാപിച്ചു. ഇതുകൂടാതെ വാളയാറിൽ മലബാർ സിമന്റ്സിൽനിന്നും വൈദ്യുതി ലൈൻ വലിക്കുന്നതിനുവേണ്ടി ജി.ഒ. (ആർടി.) 628/07 2-8-2007 പ്രകാരം 16 ലക്ഷം രൂപ അനുവദിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തു. വാളയാറിലെ റോഡ് മരാമത്ത് പണികൾക്ക് വേണ്ടി ജി.ഒ. (ആർടി.) 1205/07/പി.ഡബ്ല്യു.ഡി. 29-10-2007 പ്രകാരം 26.6 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത ജോലി പൂർത്തിയാക്കുകയും ചെയ്തു. ചെക്ക് പോസ്റ്റുകളിൽ വൈദ്യുതിതടസ്സം ഉണ്ടാകാതിരിക്കുവാൻവേണ്ടി ജനറേറ്റർ സ്ഥാപിക്കുകയും, ബന്ധപ്പെട്ട വൈദ്യുതീകരണം നടത്തുകയും ചെയ്തു. ജലവിതരണം ഉറപ്പാക്കുന്നതിനുവേണ്ടി കുഴൽക്കിണർ നിർമ്മിച്ചു. വാളയാർ ചെക്ക്പോസ്റ്റിൽ ഹെൽപ്പ്ഡെസ്ക്, ട്രഷറി, പോലീസുകാർക്കുവേണ്ടി കണ്ടെയ്നർ എന്നിവ സ്ഥാപിച്ചു.

ജി.ഒ. (ആർടി.) 337/08/ടി.ഡി. 29-3-2008 പ്രകാരം വാളയാർ ഔട്ട്-ഇൻ ചെക്ക്പോസ്റ്റുകളിൽ ടോക്കൺ സ്വീകരിക്കുന്നതിനുവേണ്ടി 2 എണ്ണം, വാളയാർ ഔട്ട് ചെക്ക്പോസ്റ്റിൽ ഗ്രീൻ ചാനൽ സംവിധാനത്തിനുവേണ്ടി 1 എണ്ണം എന്നിങ്ങനെ കണ്ടെയ്നർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു.

ആർ.ടി.ഒ. ചെക്ക്പോസ്റ്റിനുവേണ്ടി ജി.ഒ. (ആർടി.) 724/08/ടി.ഡി. 4-8-2008 പ്രകാരം 9,60,000 രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകി. ജി.ഒ. (ആർടി.) 1078/07/ടി.ഡി. 28-12-2007 പ്രകാരം വാളയാറിൽ ട്രഷറി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. 231 ലക്ഷം രൂപ ചെലവിട്ട് പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിലേക്കുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി.

ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റിലെ വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനായി ജി.ഒ. (ആർടി.) 179/07/ടി.ഡി. തീയതി 7-3-2007 പ്രകാരം 6.27 ലക്ഷം രൂപ ചെലവിൽ ഹൈമാസ്റ്റ് ഫ്ളഡ് ലൈറ്റ് സംവിധാനം സ്ഥാപിച്ചു. ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ ട്രഷറി സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

വാളയാർ, നടുപ്പുണ്ണി, ഗോപാലപുരം എന്നീ ചെക്ക്പോസ്റ്റുകളിൽ ട്രഷറി സ്ഥാപിച്ചു. ഗോപാലപുരത്തെ നവീകരണ പ്രവർത്തനവും ഗോവിന്ദപുരത്തെ യാർഡ് കോൺക്രീറ്റിംഗ് പ്രവർത്തനങ്ങളും പൂർത്തിയായി.

പാലക്കാട് ജില്ലയിലെ താത്ക്കാലിക ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാളറ ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു കഴിഞ്ഞു. അമരവിളയിൽ വെരിഫിക്കേഷൻ കൗണ്ടർ നിർമ്മിച്ചു.

അതിർത്തി പ്രദേശങ്ങളിലെ സുപ്രധാന ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വെയ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ജി.ഒ. (എംഎസ്.) 125/06/ടി.ഡി. 5-12-2006, ജി.ഒ. (എംഎസ്.) 212/07/ടി. ഡി. 15-10-2007, ജി.ഒ. (എംഎസ്.) 188/08/ടി.ഡി. 3-10-2008 എന്നിവ പ്രകാരം അനുമതി നൽകി. വാളയാർ, ഗോപാലപുരം, ഗോവിന്ദപുരം, ബംഗ്രമഞ്ചേശ്വരം, കൂട്ടുപ്പുഴ, മീനാക്ഷിപുരം, നടുപ്പുണ്ണി, കുമിളി എന്നീ ചെക്ക്പോസ്റ്റുകളിൽ വെയ് ബ്രിഡ്ജ് സ്ഥാപിച്ചു.

നടുപ്പുണ്ണി, ഗോപാലപുരം, മീനാക്ഷിപുരം എന്നിവിടങ്ങളിലെ വെയ് ബ്രിഡ്ജുകൾക്ക് സമീപം സോഡിയം ലാമ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകി. വാളയാർ ചെക്ക്പോസ്റ്റിൽ ചെക്കിംഗ് പ്ലാറ്റ്ഫോമിന് മേൽക്കൂര നിർമ്മിക്കുന്നതിന് 10.45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

വാളയാറിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 19.33 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ജി.ഒ. (എംഎസ്.) 163/10/ടി.ഡി. തീയതി 26-6-2010 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

അഴിമതിരഹിത പദ്ധതിയുടെ ഭാഗമായി നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരത്ത് 4 പ്രധാന ചെക്ക്പോസ്റ്റുകളിൽ 5.91 ലക്ഷം രൂപ ചെലവിൽ ബാരിക്കേഡ് ഓപ്പറേറ്റേഴ്സ് ക്യാബിൻ [ജി.ഒ. (ആർടി.) 1068/09/ടി.ഡി. തീയതി 2-12-2009] സ്ഥാപിക്കുവാൻ ഭരണാനുമതി നൽകി. അമരവിളയിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഭക്ഷണവും താമസസൗകര്യവും നൽകി നിയമിച്ചു. അമരവിള, ഉച്ചക്കട, പാട്ടക്കുളം, കഞ്ചാംപഴിഞ്ഞി എന്നീ ചെക്ക്പോസ്റ്റുകളിൽ അഡീഷണൽ ബാരിക്കേഡുകൾ സ്ഥാപിക്കുവാനും അനുമതി നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട വാണിജ്യനികുതി ചെക്ക്പോസ്റ്റുകളെല്ലാം കമ്പ്യൂട്ടർവത്ക്കരിക്കപ്പെട്ടിട്ടുണ്ട്.

അമരവിള ചെക്ക്പോസ്റ്റ് യാർഡ് നവീകരണത്തിനായി 100 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി പണി പൂർത്തിയാക്കി [ജി.ഒ. (ആർടി.) 1143/09/ടി.ഡി. 31-12-2009]. കൂടാതെ എൻ.എച്ച്. 47-ൽ കി.മീ. 588/000-നു സമീപം അമരവിള ഔട്ട് ചെക്ക്പോസ്റ്റ് നിർമ്മാണത്തിനായി 128 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി [ജി.ഒ. (ആർടി.) 1142/09/ടി.ഡി. തീയതി 31-12-2009]. 9.29 ലക്ഷം രൂപ ചെലവിൽ അമരവിള ഔട്ട് ചെക്ക്പോസ്റ്റിൽ കണ്ടെയ്നറൈഡ് ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു [ജി.ഒ. (ആർടി.) 1131/09/ടി.ഡി. തീയതി 23-12-2009]. തിരുവനന്തപുരത്ത് പ്രധാന ചെക്ക്പോസ്റ്റുകളിൽ ലൈറ്റിംഗ് സംവിധാനം എർപ്പെടുത്തി. അമരവിള ചെക്ക്പോസ്റ്റിൽ [ജി.ഒ. (ആർടി.) 692/10/ടി.ഡി. തീയതി 13-8-2010] പ്രകാരം സി.സി. ടി.വി. നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി.

വാളയാർ ചെക്ക്പോസ്റ്റിനു സമീപം നാഷണൽ ഹൈവേ കി.മീ. 183/000 മുതൽ 186/000 വരെ 27.5 ലക്ഷം രൂപ ചെലവിൽ നവീകരണ പ്രവർത്തനങ്ങൾക്ക് ജി.ഒ. (ആർടി.) 1008/10/ടി.ഡി. തീയതി 30-11-2010 പ്രകാരം അനുമതി നൽകി. പാലക്കാട് ജില്ലയിൽ ഒഴലപ്പതി, ആനക്കട്ടി, മേനോൻപാറ എന്നീ ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കുന്നതിന് ജി.ഒ. (ആർടി.) നമ്പർ 898/10/ടി.ഡി. തീയതി 25-10-2010 പ്രകാരം അനുമതി നൽകി.

ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റ് നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായി.

ശുപാർശ 13 (ഖണ്ഡിക 28)

ഊടുവഴികളിലൂടെ ചരക്കുകൾ കടത്തുന്നതിനെതിരെ കർക്കശനടപടികൾ സ്വീകരിക്കണമെന്നും അവിടങ്ങളിൽ ഷിഫ്റ്റ് ചെക്ക്പോസ്റ്റുകളോ മൊബൈൽ ചെക്ക്പോസ്റ്റുകളോ സ്ഥാപിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതിർത്തി കളിൽ സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാണിജ്യനികുതി വകുപ്പും ചേർന്ന് സംയുക്ത സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഊടുവഴികൾ നിരീക്ഷിക്കുകയും ഈ സ്ക്വാഡുകൾ ഈടാക്കുന്ന പിഴത്തുകയുടെ ഒരു നിശ്ചിത ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്ന ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ നൽകിയ മറുപടി

ഊടുവഴികളിലൂടെ ചരക്കുകൾ കടത്തുന്നതിനെതിരെ നടപടികൾ സ്വീകരി ക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്.

ശുപാർശ 14 (ഖണ്ഡിക 29)

അതിർത്തികളിലൂടെയുള്ള ചരക്കുനീക്കം വൻതോതിൽ വർദ്ധിച്ച സാഹചര്യ ത്തിൽ ചെക്ക്പോസ്റ്റുകളിൽ ആവശ്യത്തിനു ജീവനക്കാരെ വിന്യസിക്കാവുന്ന രീതിയിൽ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ചെക്ക്പോസ്റ്റുകളിലെ ജീവനക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി. വാളയാർ ചെക്ക്പോസ്റ്റിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ടി ജി.ഒ. (എംഎസ്.) നമ്പർ 128/2008/ടി.ഡി. തീയതി 28-6-2008 പ്രകാരം വാണിജ്യനികുതി ഇൻസ്പെക്ടർമാരുടെ 36 തസ്തികകളും ക്ലാർക്കുമാരുടെ 6 തസ്തികകളും പ്യൂൺമാരുടെ 45 തസ്തികകളും സൃഷ്ടിക്കുക യുണ്ടായി. ജി.ഒ. (എംഎസ്.) നമ്പർ 59/10/ടി.ഡി. തീയതി 11-3-2010 പ്രകാരം യു. ഡി.ക്ലാർക്കുമാരുടെ അപ്ഗ്രഡേഷനിലൂടെ സൃഷ്ടിക്കപ്പെട്ട 100 ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ 52 എണ്ണം വിവിധ ചെക്ക്പോസ്റ്റുകളിൽ വിനിയോഗിക്കുന്ന തിനുവേണ്ടി തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് അനുവദിച്ചു നൽകുകയുണ്ടായി (ഉത്തരവ് നമ്പർ എ1-38772/2009/സി.ടി. തീയതി 27-3-2010).

ശുപാർശ 15 (ഖണ്ഡിക 33)

കടപരിശോധന ഊർജ്ജിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ നൽകിയ മറുപടി

നിർദ്ദേശം നൽകിയിട്ടുണ്ട്

ശുപാർശ 16 (ഖണ്ഡിക 33)

കടപരിശോധന നടത്തുമ്പോൾ അവരുടെ വ്യാപാരത്തിന് കോട്ടം തട്ടാതിരിക്കാനും ആധുനിക ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ പരിശോധന പെട്ടെന്ന് അവസാനിപ്പിക്കുന്നതിന് സാഹചര്യമുണ്ടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ ലഭ്യമാക്കിയ മറുപടി

നിർദ്ദേശം നൽകിയിട്ടുണ്ട്

ശുപാർശ 17 (ഖണ്ഡിക 33)

പരിശോധിക്കുന്ന രേഖകൾ ക്രമമായി തിരിച്ചുവയ്ക്കുന്നതിനും കടപരിശോധനാസമയത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടാകരുതെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ ലഭ്യമാക്കിയ മറുപടി

ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)-ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശുപാർശ 18 (ഖണ്ഡിക 34)

ഉപഭോക്താക്കളെ ബില്ല് വാങ്ങാൻ പ്രേരിപ്പിക്കുന്നതിന് പരസ്യം, ബോധവൽക്കരണം എന്നിവ പോലെയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്)

സ്വർണ്ണക്കടകൾ ഉൾപ്പെടെയുള്ള കടകളിൽ ബില്ല് നൽകുന്ന രീതി ഇപ്പോൾ കർശനമായി പാലിക്കുന്നില്ല. ചില സ്ഥാപനങ്ങൾ ബില്ലിനുപകരം എസ്റ്റിമേറ്റ് എന്ന് എഴുതിയ പേപ്പറാണ് കൊടുത്തിരിക്കുന്നത്. മാത്രമല്ല മറ്റുചില സ്ഥാപനങ്ങൾ വിറ്റ സാധനങ്ങൾ തിരിച്ചെടുക്കില്ല എന്നതുപോലുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയാണ് ബില്ല് നൽകുന്നത്.

ബില്ല് നൽകാത്തതിലൂടെ സർക്കാരിന് നികുതിയിനത്തിൽ വരുമാനനഷ്ടം വരുന്നതോടൊപ്പംതന്നെ ഉപഭോക്താക്കളെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ നിയമപരമായ നടപടിയെടുക്കാനുള്ള അധികാരം വാണിജ്യനികുതി വകുപ്പിനാണ്. ഇക്കാര്യത്തിൽ നിയമനടപടിയെടുക്കാൻ ഉപഭോക്തൃകാര്യ വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള നിയമനിർമ്മാണം ആവശ്യമാണ്.

ബോധവൽക്കരണം നടത്തി ബില്ല് ചോദിച്ച് വാങ്ങുന്നതിന് ഉപഭോക്താക്കളെ പ്രാപ്തരാക്കുകയാണ് ഇക്കാര്യത്തിൽ ഇപ്പോൾ ചെയ്യാൻ കഴിയുന്നത്. കമ്മിറ്റിയുടെ ശുപാർശയിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ബില്ല് വാങ്ങാൻ പ്രേരിപ്പിക്കുന്ന പരസ്യം, ബോധവൽക്കരണം എന്നീ പല നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

സർക്കാർതലത്തിലും സർക്കാരിന്റെ സഹായത്തോടെ സന്നദ്ധ സംഘടനകൾ വഴിയും സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടികളിലൂടെയും ഉപഭോക്താക്കളെ ബില്ല് ചോദിച്ചു വാങ്ങുന്നതിന് പ്രേരിപ്പിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് ബോധവൽക്കരണാർത്ഥം വിതരണം ചെയ്യുന്ന ലഘുലേഖകളിൽ സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് ചോദിച്ചു വാങ്ങാൻ ശ്രദ്ധിക്കണമെന്ന നിർദ്ദേശം ഉൾപ്പെടുത്താറുണ്ട്.

ഉപഭോക്തൃ ബോധവൽക്കരണത്തിന്റെ ഭാഗമായി 14 ജില്ലകളിലും ഉപഭോക്താക്കളുടെ അവകാശങ്ങളും അവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ ബോർഡുകളിലും ഉപഭോക്താക്കളെ ബില്ല് വാങ്ങാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പരസ്യം പ്രദർശിപ്പിക്കുന്നതാണ്.

സർക്കാർ സ്വീകരിച്ച നടപടി (നികുതി വകുപ്പ്)

ഉപഭോക്താക്കളെ ബില്ല് വാങ്ങാൻ പ്രേരിപ്പിക്കുന്നതിനായി റിപ്പോർട്ട് കാലയളവിൽ റേഡിയോ, ടെലിവിഷൻ, വർത്തമാനപ്പത്രം എന്നിവമുഖേന 25 ലക്ഷം രൂപ ചെലവിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ശുപാർശ 19 (ഖണ്ഡിക 36)

നികുതിക്കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള കർശനനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വാണിജ്യനികുതി ഓഫീസർമാരുടെ ജില്ലാതല സമ്മേളനങ്ങൾ ബഹു. ധനകാര്യ മന്ത്രി നേരിട്ട് വിളിച്ചുകൂട്ടി. നികുതിക്കുടിശ്ശികപിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവസമാഹരണം മെച്ചപ്പെടുത്തുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോടതി, സർക്കാർ, വിവിധ അപ്പീലധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കമ്മീഷണർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതിക്കുടിശ്ശിക പിരിക്കുന്നു.

നികുതിപിരിവ് കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുകയും നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കുടിശ്ശിക വസൂലാക്കുന്നതിന് 2008-09-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു : ആയത് 2009-10-ലും 2010-11-ലും തുടരുന്നു.

1990-91 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 76 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാക്കും.

1991-92 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനവും ഒടുക്കണം. പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കും.

1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതവും നികുതി 100 ശതമാനവും ഒടുക്കണം.

2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതവും നികുതി 100 ശതമാനവും അടയ്ക്കേണ്ടതാണ്.

നികുതി മുഴുവനും അടച്ചുകഴിഞ്ഞു, പലിശമാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുക മാത്രം അടച്ചാൽ മതിയാകും.

2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു :

പൊതുമേഖലാ സ്ഥാപനങ്ങളുടെ പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം അടച്ചാൽ മതിയാകും. സ്വന്തമായ ഭൂമി അന്യാധീനപ്പെടുത്തുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാകുകയില്ല.

തർക്കത്തിൽ കിടക്കുന്ന കോടിക്കണക്കിന് രൂപയുടെ അപ്പീൽ കേസ്സുകൾ കൂടുതലും ഇതിനകം തീർപ്പുകൽപ്പിച്ചു.

ശുപാർശ 20 (ഖണ്ഡിക 36)

നികുതിക്കുടിശ്ശികകൾ ദ്രുതഗതിയിൽ പിരിച്ചെടുക്കുന്നതിനും കോടതികളിലെ കേസുകൾ തീർപ്പാക്കുന്നതിനുമായി ഫാസ്റ്റ് ട്രാക്ക് അദാലത്തുകൾ സംഘടിപ്പിക്കാനാകുമോ എന്ന് പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നികുതിക്കുടിശ്ശികകൾ ദ്രുതഗതിയിൽ പിരിച്ചെടുക്കുന്നതിന് അപ്പലേറ്റ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള വാറ്റ് ട്രിബ്യൂണൽ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ ഫാസ്റ്റ് ട്രാക്ക് അദാലത്തുകൾ സംഘടിപ്പിക്കേണ്ടതുണ്ട് എന്ന് തോന്നുന്നില്ല.

ശുപാർശ 21 (ഖണ്ഡിക 41)

സിംഗിൽ ബെഞ്ചിന് പരിഗണിക്കാവുന്ന തർക്കവിഷയമായ നികുതിത്തുക അമ്പതിനായിരമായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

അപ്പലേറ്റ് ട്രിബ്യൂണൽ നിലവിൽ സിംഗിൽ ബെഞ്ച് സിറ്റിംഗ് നടത്താറില്ല. രണ്ടുപേരടങ്ങുന്ന ഡിവിഷൻ ബെഞ്ചിൽ തർക്കവിഷയമായ നികുതിത്തുക 3,00,000 രൂപ വരെയുള്ള അപ്പീലുകളിൽ തീർപ്പുകൽപ്പിക്കാറുണ്ട്.

ശുപാർശ 22 (ഖണ്ഡിക 41)

അപ്പലേറ്റ് ട്രിബ്യൂണലിന് മുന്നിലെത്തുന്ന ഒരു ഹർജിയിൽ തീർപ്പാക്കുന്നതിനുള്ള കാലപരിധി ആറുമാസമായി ചുരുക്കണമെന്നും അതിനായി അനുയോജ്യമായ സംവിധാനങ്ങളൊരുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വാറ്റ് അപ്പലേറ്റ് ട്രിബ്യൂണൽ ബെഞ്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇതു നടപ്പിൽവരുമ്പോൾ ഹർജികൾ വേഗത്തിൽ തീർപ്പാക്കാൻകഴിയും എന്ന് പ്രതീക്ഷിക്കുന്നു.

ശുപാർശ 23 (ഖണ്ഡിക 41)

തർക്കത്തിൽ കിടക്കുന്ന കോടിക്കണക്കിന് രൂപയുടെ അപ്പീൽക്കേസുകൾ ആറുമാസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിനും അതിനായി നികുതി അദാലത്തുകൾ പോലെയുള്ള സംവിധാനങ്ങൾ ജില്ലാ തലത്തിലോ മേഖലാ തലത്തിലോ ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

തർക്കത്തിൽ കിടക്കുന്ന കോടിക്കണക്കിന് രൂപയുടെ അപ്പീൽ കേസുകൾ കൂടുതലും ഇതിനകം തീർപ്പുകൽപ്പിച്ചു.

ശുപാർശ 24 (ഖണ്ഡിക 41)

വാറ്റുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനായി സെറ്റിൽമെന്റ് കമ്മീഷനെ ഉടൻ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാരിൽനിന്നും ലഭിച്ച മറുപടി

അപ്പീൽ സംബന്ധമായ കേസ്സുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമായതിനാൽ അടിയന്തിരമായി സെറ്റിൽമെന്റ് കമ്മീഷനെ നിയമിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശുപാർശ 25 (ഖണ്ഡിക 43)

നികുതിദായകർക്കും വേണ്ടത്ര ബോധവത്ക്കരണം നടത്തുന്നതിന് കൂടുതൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. മാതൃകാ നികുതിദായകരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനവും അംഗീകാരവും കൊടുക്കാനുള്ള സെന്ററിന്റെ പദ്ധതി നടപ്പിലാക്കുന്നതിന് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വാണിജ്യ നികുതി വകുപ്പ് കാലാകാലങ്ങളിൽ സ്വീകരിച്ച പുതിയ പരിഷ്ക്കാരങ്ങൾ സംബന്ധിച്ച് വ്യാപാരികളെയും പൊതുജനങ്ങളെയും ബോധവത്ക്കരിക്കുന്നതിനായി ഇതു സംബന്ധിച്ച പത്രപരസ്യങ്ങൾ പ്രധാന വർത്തമാനപത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടോൾ ഫ്രീ ഹെൽപ്പ്‌ലൈനും സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന വ്യാപാരി വ്യവസായി പ്രതിനിധികളെ ഉൾപ്പെടുത്തി, വാറ്റ് കൺസൾട്ടേറ്റീവ്

കമ്മിറ്റി രൂപീകരിക്കുകയും ഇതിന്റെ യോഗങ്ങൾ വിളിച്ചുചേർത്ത് സുപ്രധാന വിവരങ്ങൾ വ്യാപാരികൾക്ക് നൽകുകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുമുണ്ട്.

ഇതുകൂടാതെ ജില്ലാതലത്തിൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് മാസത്തിലൊരിക്കൽ യോഗം ചേർന്ന് ജില്ലാ തലത്തിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നുണ്ട്.

മാതൃകാനികുതിദായകരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുന്നതിനായി 2008-09 വർഷം മികച്ച നികുതിദായകർക്ക് അവാർഡ് നൽകി ആദരിച്ചിട്ടുണ്ട്.

## അദ്ധ്യായം III

## ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തരനടപടികൾ ആവശ്യമുള്ളവയും

### ശുപാർശ 5 (ഖണ്ഡിക 15)

ഓവർ അസസ്സ്മെന്റുവഴി അധികമായി ഈടാക്കിയ തുക ചുരുങ്ങിയ കാലപരിധിക്കുള്ളിൽ തിരിച്ചുനൽകുന്നതിന് വ്യവസ്ഥയുണ്ടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സർക്കാരിൽനിന്നും ലഭിച്ച മറുപടി

ഒരു വ്യാപാരിയുടെ നികുതിനിർണ്ണയം പൂർത്തീകരിച്ചത് ഓവർഅസസ്സ്മെന്റാണ് എന്ന പരാതി വ്യാപാരിക്കുണ്ടായാൽ പ്രസ്തുത വ്യാപാരിക്ക് നിയമാനുസൃതമായ അപ്പീൽ നടപടികളിലൂടെ പ്രസ്തുത നികുതിനിർണ്ണയ നടപടികൾ പുനഃപരിശോധിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. അപ്പീൽ അധികാരി പ്രസ്തുത നികുതിനിർണ്ണയ ഉത്തരവിൽ ഭേദഗതികൾ നിർദ്ദേശിച്ച് ഉത്തരവായാൽ ബന്ധപ്പെട്ട നികുതിനിർണ്ണയ അധികാരി അതനുസരിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇതിനിടയിൽ അധികമായി ഈടാക്കിയ തുകയുണ്ടെങ്കിൽ ആയത് റീഫണ്ട് ചെയ്തു കിട്ടാൻ വ്യവസ്ഥയുണ്ട്.

### സമിതി നൽകിയ ശുപാർശ

നികുതി നിർണ്ണയിക്കുമ്പോൾ ഓവർ അസസ്സ്മെന്റായി ഈടാക്കിയ തുക അടുത്ത വർഷത്തെ അസസ്സ്മെന്റിൽ ഉൾപ്പെടുത്തി കുറവുചെയ്ത് കൊടുക്കുകയോ വ്യാപാരിക്ക് തിരികെ നൽകുകയോ ചെയ്യുന്നത് സംബന്ധിച്ച് തീരുമാനിക്കാനുള്ള അവകാശം വ്യാപാരിക്ക് നൽകത്തക്കതരത്തിലുള്ള വ്യവസ്ഥ ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വി. ഡി. സതീശൻ,

*ചെയർമാൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.